## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2547 — 14.02.2013-ൽ മറുപടിക്ക്

### പേവിഷ പ്രതിരോധ മരുന്ന് ക്ഷാമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പേവിഷ പ്രതിരോധ മരുന്ന് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ; | (ബി) കഴിഞ്ഞ വർഷത്തെ റാബീസ് വാക്സിൻ വാങ്ങാനുള്ള ടെണ്ടർ നടപടിക്രമങ്ങൾ മരുന്നിന്റെയും സ്പെസിഫിക്കേഷന്റെയും, മരുന്ന വിതരണം ചെയ്യുന്ന കമ്പനികൾ പരസ്പരം ഉന്നയിച്ച പരാതികളുടെയും, മത്സരത്തിന്റെയും ഫലമായി തീർച്ചപ്പെടുത്താൻ കഴിയാതെ വരികയുണ്ടായി. ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ അടിസ്ഥാന യോഗ്യതയിലും ടെണ്ടർ ചെയ്ത മരുന്നിന്റെ സ്പെസിഫിക്കേഷനിലും പരാതി ഉയർന്ന സാഹചര്യത്തിൽ ടെണ്ടർ, കെ.എം.എസ്.സി.എൽ. ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ നിർദ്ദേശപ്രകാരം റദ്ദാക്കി. വാക്സിന്റെ ദൗർലഭ്യം ഒഴിവാക്കാനായി ഇന്ത്യാ ഗവൺമെന്റ് സ്ഥാപനമായ നാഷണൽ ഡയറി ഡെവലപ്പ്മെന്റ് ബോർഡിന്റെ സബ്സിഡിയറിയായ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിൽ നിന്നും വാക്സിൻ വാങ്ങി വിതരണം ചെയ്യുകയാണുണ്ടായത്. 2012-13 സാമ്പത്തിക വർഷം ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ് 2011-12-ൽ ക്വാട്ട് ചെയ്ത വിലയിൽ നിന്നും കുറഞ്ഞ വിലയ്ക്ക് നൽകാമെന്ന് അറിയിച്ച സാഹചര്യത്തിൽ ബോർഡിന്റെ അനുമതിയോടെ 2012-13 സാമ്പത്തിക വർഷത്തിൽ ഈ കമ്പനിക്ക് നൽകിയ 4 പർച്ചേസ് ഓർഡറുകളിൽ 3 എണ്ണം പൂർണ്ണമായും വിതരണം ചെയ്യുകയും 23.01.2013 ന് നൽകിയ അവസാന ഓർഡർ പ്രകാരമുള്ള മരുന്നുകൾ ഉടൻ സംസ്ഥാനത്ത് ലഭ്യമാക്കുകയും ചെയ്യുന്നതാണ്. കമ്പനിയുടെ അടിസ്ഥാന യോഗ്യതയിലും മരുന്നിന്റെ സ്പെസിഫിക്കേഷനിലും വ്യക്തത വരുത്തി പുതിയ ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. |

[2..]

| | |
|---|---|
| (സി) പ്രതിരോധ മരുന്ന് ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ ? | (സി) ഐ.ഡി.ആർ.വി. വാക്സിൻ കൂടുതൽ ലഭ്യമാക്കാൻ കെ.എം.എസ്.സി.എൽ-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് (എൻ.എ.സി) ലഭ്യമാക്കി, വാക്സിൻ കുറവുള്ള സ്ഥലങ്ങളിൽ ലോക്കൽ പർച്ചേയ്സ് നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ